അന്ത്യോദയ പദ്ധതി

*16 [220] ശ്രീ. വി. കെ. സി. മമ്മത്കോയ:
ശ്രീമതി ഗിരിജാ സുരേന്ദ്രൻ:
" പി. കെ. ശ്രീമതി ടീച്ചർ:
ശ്രീ. കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്ത്യോദയ പദ്ധതിയിൽ കൂടുതൽ കുടുംബങ്ങളെ ഉൾപ്പെടുത്തണമെന്ന കേന്ദ്ര നിർദ്ദേശം സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ എത്ര ലക്ഷം കുടുംബങ്ങളെ അധികമായി ചേർക്കണമെന്നും ഏതെല്ലാം വിഭാഗങ്ങൾക്കാണ് മുൻഗണന നൽകേണ്ടതെന്നുമാണ് കേന്ദ്രം നിർദ്ദേശിച്ചിട്ടുള്ളത്;

(സി) ഇപ്പോൾ സംസ്ഥാനത്ത് അന്ത്യോദയ പദ്ധതി പ്രകാരം കുറഞ്ഞ വിലയ്ക്ക് അരി ലഭ്യമാക്കാൻ അർഹതയുള്ള കുടുംബങ്ങൾ എത്രയാണെന്ന് വെളിപ്പെടുത്താമോ;

(ഡി) ഇതിനായി പ്രതിമാസം എത്ര ടൺ അരിയാണ് കേന്ദ്രം നൽകുന്നത്?

ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. ജി. കാർത്തികേയൻ):

(എ) ഉണ്ട്.

(ബി) 1,19,200 കുടുംബങ്ങളെ അധികമായി ചേർക്കണമെന്നും അതിൽ നിരാശ്രയരായ വിധവകൾ, മാരകരോഗ ബാധിതർ, അംഗവൈകല്യം സംഭവിച്ചവർ, 60 വയസ്സോ അതിനു മുകളിലോ പ്രായമുള്ളവർ, ഇവർ കുടുംബനാഥൻ/നാഥയായിട്ടുള്ള കുടുംബങ്ങൾ, കുടുംബത്തിന്റെയോ സമൂഹത്തിന്റെയോ സഹായം ലഭിക്കാത്തവരും ഉറപ്പായ വരുമാനമില്ലാത്തവരുമായ ഏകരായ പുരുഷൻ/സ്ത്രീ, ഗോത്രവർഗ്ഗ കുടുംബങ്ങൾ എന്നീ വിഭാഗങ്ങൾക്ക് മുൻഗണന നൽകണമെന്നുമാണ് കേന്ദ്രം നിർദ്ദേശിച്ചിട്ടുള്ളത്.

(സി) 3,57,400.

(ഡി) 12510 മെട്രിക് ടൺ അരി.

LIBRARY ARCHIVES Kerala Legislative Assembly